"ഭരണഭാഷ – മാതൃഭാഷ"

നം: DGE/9239/2021-N2

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 07/09/2021

# <u>സർക്കുലർ</u>

വിഷയം :- പൊതുവിദ്യാഭ്യാസം – സ്കോളർഷിപ്പുകൾ – ഒ.ബി.സി പ്രീ-മെട്രിക് സ്കോളർഷിപ്പ് 2021-22 – അപേക്ഷ സമർപ്പിക്കുന്നത് – വിജ്ഞാപനം –സംബന്ധിച്ച് :-

സൂചന :- 1. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കത്ത് നമ്പർ BCDIR/ 296/2021 (2) – A3 തീയതി, 31/08/2021

2. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ വിജ്ഞാപനം നമ്പർ BCDIR/296/2021 – A3 തീയതി, 31/08/2021

******************

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂകളിൽ 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പിന്നാക്ക സമുദായങ്ങളിൽപ്പെടുന്ന (ഒ.ബി.സി വിഭാഗം) വിദ്യാർത്ഥികൾക്ക് 2021-22 വർഷത്തെ ഒ.ബി.സി പ്രീ-മെട്രിക് സ്കോളർഷിപ്പിനായുള്ള അപേക്ഷകൾ, സൂചനകൾ പ്രകാരം സമർപ്പിക്കാവുന്നതാണ്. ആയതിലേക്കുള്ള സൂചന (2) പ്രകാരമുള്ള വിശദമായ നിർദേശങ്ങൾ മേൽ നടപടികൾക്കായി ഉള്ളടക്കം ചെയ്യുന്നു. നിശ്ചിത മാതൃകയിലുള്ള അപേക്ഷ , കുട്ടി പഠിക്കുന്ന സ്കൂളിലെ പ്രധാനാധ്യാപകൻ മുഖാന്തരം സമർപ്പിക്കേണ്ടതാണ്. **<u>അപേക്ഷകൾ സ്കൂളുകളിൽ സ്വീകരിക്കുന്ന അവസാന തീയതി 30/09/2021 (വൈകുന്നേരം 04.00 മണി)</u>** ആണ്. ടി അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പൂർണ്ണമായും ശരിയാണ് എന്ന് പ്രധാനാധ്യാപകർ ഉറപ്പുവരുത്തേണ്ടതും, ലഭ്യമാകുന്ന അപേക്ഷകരുടെ വിവരങ്ങൾ ***<u>www.egrantz.kerala.gov.in</u>*** എന്ന വെബ്സൈറ്റ് വഴി പ്രധാനാധ്യാപകർ ഓൺലൈൻ ആയി രേഖപ്പെടുത്തി നൽകേണ്ടതുമാണ്. ഇതിലേക്കുള്ള അവസാന തീയതി <u>13/10/2021</u> ആണ്. കൂടുതൽ വിവരങ്ങൾ ***<u>www.bcdd.kerala.gov.in</u>*** എന്ന വെബ്സൈറ്റ് -ൽ നിന്നും ലഭിക്കുന്നതാണ്.

വിശ്വസ്തതയോടെ,

Signature valid

Digitally signed by SHINEMON M K
Date: 2021.09.07 13:29:00 IST
Reason: Approved

ഷൈൻ മോൻ.എം.കെ
പെൻ നം. 425084
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാഡമിക്)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ് :-

1. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, KITE (സർക്കുലർ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.)
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5. എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെയും പ്രഥമാധ്യാപകർക്കും

പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം
അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,
തിരുവനന്തപുരം -695003, ഫോൺ/ഫാക്സ് – 0471 2727379
ഇമെയിൽ – bcddkerala@gmail.com, വെബ്സൈറ്റ് -www.bcdd.kerala.gov.in

BCDIR/296/2021(2)-A3 തീയതി :31/08/2021

ഭരണഭാഷ - മാതൃഭാഷ

Break the Chain

സ്വീകർത്താവ്
ഡയറക്ടർ
പൊതുവിദ്യാഭ്യാസ വകുപ്പ്

01 SEP 2021

സർ,

വിഷയം:- പി.വി.വി.വ - ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് (2021-22) വിജ്ഞാപനം സംബന്ധിച്ച്

സൂചന :- പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 31/08/2021 ലെ BCDIR/296/2021-A3 നമ്പർ വിജ്ഞാപനം

മേൽ വിഷയത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു . 2021-22 വർഷത്തെ ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ച് സൂചന പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സ്കൂൾ അധികൃതർക്കും അപേക്ഷകർക്കുമുള്ള നിർദ്ദേശങ്ങളും , അപേക്ഷാഫാറത്തിന്റെ മാതൃകയും അടങ്ങിയ വിജ്ഞാപനത്തിന്റെ പകർപ്പ് ഇതോടൊപ്പം അയയ്ക്കുന്നു. ആയത് എല്ലാ ഡി.ഇ.ഒ/എ.ഇ.ഒ മാർക്കും , സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ പ്രധാനാധ്യാപകർക്കും ലഭ്യമാക്കുന്നതിനും, പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വിജ്ഞാപനത്തിലെ നിർദ്ദേശങ്ങൾ പാലിച്ച് നിശ്ചിത തീയതിക്കകം ഇ-ഗ്രാന്റ്സ് പോർട്ടലിൽ ഡാറ്റാ എൻട്രി പൂർത്തീകരിക്കുന്നതിന് സ്കൂൾ അധികൃതർക്ക് താങ്കളുടെ ആഫീസിൽ നിന്ന് കൂടി നിർദ്ദേശം നൽകണമെന്നു കൂടി അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)
പി.ഐ. ശ്രീവിദ്യ ഐ.എ.എസ്
ഡയറക്ടർ

ഉള്ളടക്കം – വിജ്ഞാപനം

Signature valid
Digitally signed by Sreejith P V
Date: 2021.08.31 21:50:08 IST
Reason: Approved

**പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,
തിരുവനന്തപുരം -695003, ഫോൺ/ഫാക്സ് – 0471 2727379
ഇമെയിൽ – bcddkerala@gmail.com, വെബ്സൈറ്റ് -www.bcdd.kerala.gov.in

BCDIR/296/2021-A3 തീയതി :31/08/2021

ഭരണഭാഷ – മാതൃഭാഷ

<u>വിജ്ഞാപനം</u>

വിഷയം:- ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് (50% CSS) : 2021-22 ലെ അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്

സൂചന :- 1) സ.ഉ.(സാധാ) നം.1616/2012/പി.സ.വി.വ തീയതി-18.12.2012

2) സ.ഉ.(സാധാ) നം.10/2014/പി.സ.വി.വ തീയതി-23.05.2014

3) പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 09.08.2021 ലെ ക്യു .ഐ.പി.(1)/24765/21/ഡി.ജി.ഇ നം. കത്ത്

50% കേന്ദ്രസഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന ഒ .ബി.സി പ്രീമെട്രിക് സ്കോളർഷിപ്പിന് 2021-22 വർഷത്തേക്കുള്ള അപേക്ഷ ക്ഷണിക്കുന്നു . അപേക്ഷകർക്കും സ്കൂൾ അധികൃതർക്കും ഉള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

<u>അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ</u>

1. സംസ്ഥാനത്തെ സർക്കാർ / സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന പിന്നാക്ക സമുദായങ്ങളിൽ (ഒ.ബി.സി) ഉൾപ്പെട്ട വിദ്യാർത്ഥികളെയാണ് സ്കോളർഷിപ്പിന് പരിഗണിക്കുന്നത്.
2. ന്യൂനപക്ഷ സ്കോളർഷിപ്പിന് പരിഗണിക്കുന്നതിനാൽ ന്യൂനപക്ഷ വിഭാഗങ്ങളും, പട്ടികജാതി വിദ്യാർത്ഥികൾക്ക് സമാനമായ ആനുകൂല്യം അനുവദിക്കുന്നതിനാൽ ഒ.ഇ.സി വിഭാഗം വിദ്യാർത്ഥികളും, സൂചന 2 സർക്കാർ ഉത്തരവ് പ്രകാരം ഒ.ഇ.സി-യ്ക്ക് സമാനമായ വിദ്യാഭ്യാസാനുകൂല്യത്തിന് അർഹരായ 30 സമുദായങ്ങളിലെ വിദ്യാർത്ഥികളും ഈ പദ്ധതി പ്രകാരം അപേക്ഷിക്കേണ്ടതില്ല.
3. ഒരു കുടുംബത്തിലെ പരമാവധി 2 കുട്ടികൾ മാത്രമേ അപേക്ഷിക്കുവാൻ പാടുള്ളൂ. ഏത് വകുപ്പ് വഴി സ്കോളർഷിപ്പ് ലഭിക്കുന്നവരായാലും ഒരു കുടുംബത്തിൽ ആകെ 2 പേർക്ക് മാത്രമേ അർഹതയുള്ളൂ.
4. രക്ഷിതാവിന്റെ വാർഷിക വരുമാനം 2,50,000/- രൂപയിൽ അധികരിക്കരുത്. ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന ലഭ്യമായ വരുമാന സർട്ടിഫിക്കറ്റ് നിർബന്ധമായും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
5. സ്കൂൾ പ്രവേശന സമയത്ത് ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലാത്തവരും, പിന്നീട് മതപരിവർത്തനം നടത്തിയിട്ടുള്ളവരും അപേക്ഷയോടൊപ്പം ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
6. നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫാറം പൂരിപ്പിച്ച് സ്കൂൾ പ്രധാനാധ്യാപകനെ ഏൽപ്പിക്കേണ്ടതാണ്.
7. 2021-22 വർഷത്തേക്കുള്ള അപേക്ഷാഫാറത്തിന്റെ മാതൃക www.bcddkerala.gov.in, www.egrantz.kerala.gov.in എന്നീ വെബ്സൈറ്റുകളിലും, എല്ലാ സ്കൂളുകളിലും ലഭ്യമാണ്. (ഫോട്ടോസ്റ്റാറ്റ് ഉപയോഗിക്കാവുന്നതാണ്)

8. നിർദ്ദേശങ്ങൾ പൂർണ്ണമായി വായിച്ചതിനുശേഷം മാത്രം അപേക്ഷാഫാറം പൂരിപ്പിക്കേണ്ടതാണ്. ആവശ്യമെങ്കിൽ അധ്യാപകരുടെ സഹായം തേടാവുന്നതാണ്.
9. വാർഷിക വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ആഫീസറിൽ നിന്നും ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന ലഭ്യമായ വരുമാന സർട്ടിഫിക്കറ്റ് നിർബന്ധമായും ഹാജരാക്കേണ്ടതാണ്.
10. രക്ഷിതാക്കൾ സർക്കാർ ഉദ്യോഗസ്ഥരാണെങ്കിൽ സാലറി സർട്ടിഫിക്കറ്റ് കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
11. അപേക്ഷിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് ലഭ്യമാവണമെന്നില്ല. ലഭ്യമായ ഫണ്ടിനനുസരിച്ച് ഉയർന്ന അക്കാദമിക മികവ്/താഴ്ന്ന വാർഷിക വരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതാണ്.
12. തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നത്. ആയതിനാൽ സ്കോളർഷിപ്പിനായി അപേക്ഷിക്കുന്ന എല്ലാ വിദ്യാർത്ഥികളും അവരവരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് വിവരങ്ങൾ നിർബന്ധമായും അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്. ബാങ്ക് പാസ്സുബുക്കിന്റെ അക്കൗണ്ട് നമ്പർ ഉൾപ്പെടുന്ന ഭാഗത്തിന്റെ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കണം.
13. അപേക്ഷകൾ സ്കൂളുകളിൽ സ്വീകരിക്കുന്ന അവസാന തീയതി – 30.09.2021
14. അവസാന തീയതിക്കുശേഷം ലഭിക്കുന്നതോ, അപൂർണ്ണമോ ആയ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

<u>സ്കൂൾ അധികൃതർക്കുള്ള നിർദ്ദേശങ്ങൾ</u>

1. അപേക്ഷാഫാറത്തിന്റെ മാതൃക നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതും, എല്ലാ വിദ്യാർത്ഥികൾക്കും പദ്ധതി സംബന്ധിച്ച അറിയിപ്പ് നൽകേണ്ടതുമാണ്.
2. ആവശ്യമെങ്കിൽ അപേക്ഷാഫാറം പൂരിപ്പിക്കുന്നതിന് വിദ്യാർത്ഥികളെ സഹായിക്കുവാൻ അധ്യാപകർക്ക് നിർദ്ദേശം നൽകേണ്ടതാണ്.
3. പൂരിപ്പിച്ച അപേക്ഷകൾ 30.09.2021 ന് വൈകിട്ട് 4 മണി വരെ സ്കൂളിൽ സ്വീകരിക്കാവുന്നതാണ്.
4. ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പൂർണ്ണമായും ശരിയാണ് എന്ന് ഉറപ്പ് വരുത്തേണ്ടത് പ്രധാനാധ്യാപകരുടെ ചുമതലയാണ്.
5. 2020–21 അദ്ധ്യയന വർഷം 1 മുതൽ 9 വരെ ക്ലാസുകളിൽ പരീക്ഷകൾ നടന്നിട്ടില്ലാത്ത സാഹചര്യത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ സൂചന 3 പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളുടെ അക്കാദമിക മികവ് കണക്കാക്കേണ്ടതാണ്. അപ്രകാരം 80 ശതമാനമോ അതിലധികമോ സ്കോർ നേടിയിട്ടുള്ളവരെ മാത്രമേ സ്കോളർഷിപ്പിന് പരിഗണിക്കൂ (സൂചന 3 കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്). നടപ്പ് വർഷത്തെ ഒന്നാം ക്ലാസ്സിലെ കുട്ടികൾക്ക് സ്കോർ നിബന്ധന ബാധകമല്ല.
6. മാർക്ക്, വരുമാനം, ജാതി എന്നിവ രേഖപ്പെടുത്തുന്നതിലെ അപാകത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനെ സാരമായി ബാധിക്കുമെന്നതിനാൽ ഇവയിലെ കൃത്യത സ്ഥാപനമേധാവി ഉറപ്പാക്കേണ്ടതാണ്. ഇ-ഗ്രാന്റ്സ് പോർട്ടൽ ഇ-ഡിസ്ട്രിക്ട് പോർട്ടലുമായി ഇന്റഗ്രേറ്റ് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഇ-ഡിസ്ട്രിക്ട് മുഖേന ലഭ്യമായ വരുമാന സർട്ടിഫിക്കറ്റിന്റെ നമ്പർ, സെക്യൂരിറ്റി കോഡ് എന്നിവ ഇ-ഗ്രാന്റ്സിൽ എന്റർ ചെയ്യേണ്ടതാണ്. ആയതിനാൽ ഓൺലൈനായി ലഭ്യമായ വരുമാന സർട്ടിഫിക്കറ്റ് തന്നെയാണ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ളത് എന്ന് പ്രത്യേകം ഉറപ്പ് വരുത്തേണ്ടതാണ്.
7. ഭ്യമാകുന്ന അപേക്ഷകളിലെ വിവരങ്ങൾ www.egrantz.kerala.gov.in എന്ന സ്കോളർഷിപ്പ് പോർട്ടൽ വഴി ഓൺലൈൻ ആയി ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്. 2021 ഒക്ടോബർ 13 വരെ ഡാറ്റാ എൻട്രി നടത്താവുന്നതാണ് . ഡാറ്റാ എൻട്രിയ്ക്ക് സഹായകമാവുന്ന യൂസർ മാനുവൽ ഇ-ഗ്രാന്റ്സ് പോർട്ടലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഡാറ്റാ എൻട്രി സംബന്ധമായ പ്രശ്നങ്ങൾ egrantz3.0helpline2@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ മാത്രം അറിയിക്കേണ്ടതാണ്.

8. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഉദ്യോഗസ്ഥർ സ്കൂൾ സന്ദർശിച്ച് അപേക്ഷാഫാറവും വരുമാന സർട്ടിഫിക്കറ്റും, സ്കോർ സംബന്ധിച്ച രേഖകളും ആവശ്യപ്പെടുന്ന പക്ഷം ആയത് പരിശോധനക്ക് നൽകേണ്ടതാണ്.
9. കുട്ടികളുടെ ആധാർ ലിങ്ക് ചെയ്ത ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ ഇ-ഗ്രാന്റ്സ് പോർട്ടലിൽ എന്റർ ചെയ്യുന്നതിലെ കൃത്യതയിൽ പ്രധാനാധ്യാപകർ വ്യക്തിപരമായ ശ്രദ്ധ ചെലുത്തേണ്ടതാണ്. രേഖപ്പെടുത്തുന്ന അക്കൗണ്ടിൽ ഒരു തവണയെങ്കിലും ട്രാൻസാക്ഷൻ നടത്തിയിട്ടുണ്ടെന്നും, അക്കൗണ്ട് ലൈവ് ആണെന്നും ഉറപ്പാക്കേണ്ടതാണ്.
10. സമാന രീതിയിലുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ അപേക്ഷകൾ സ്വീകരിക്കേണ്ടതില്ല. ഈ പദ്ധതി പ്രകാരം അനുവദിക്കുന്ന തുക തിരിച്ചടക്കുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കുന്നതല്ല.

(ഒപ്പ്)
പി.ഐ.ശ്രീവിദ്യ ഐ.എ.എസ്
ഡയറക്ടർ

പകർപ്പ്:

1. ഗവ. സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ് (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ് (ഉപരിപത്രം സഹിതം)
3. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ഉപരിപത്രം സഹിതം)
4. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
5. രജിസ്ട്രാർ, സി-ഡിറ്റ്
6. ഐ.ടി ഡിവിഷൻ കോർഡിനേറ്റർ – പി.വി.വി.വ.
7. ഡാറ്റാബേസ് അഡ്മിനിസ്ട്രേറ്റർ, ഇ-ഗ്രാന്റ്സ്
8. മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പി.വി.വി.വ – കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട്
9. എല്ലാ DD/DEO/AEO മാർക്കും (ഇ-മെയിൽ മുഖേന)
10. എല്ലാ ജില്ലാ പട്ടികജാതി വികസന ആഫീസർമാർക്കും (അറിവിലേക്കായി)
11. എല്ലാ സർക്കാർ / സർക്കാർ എയ്ഡഡ് സ്കൂൾ പ്രധാനാധ്യാപകർക്കും-ഡി.ഇ.ഒ മുഖേന
12. നോട്ടീസ് ബോർഡ്/കരുതൽ/അധികം

അംഗീകാരത്തോടെ

Signature valid

Digitally signed by Sreejith P V
Date: 2021.08.31 21:47:37 IST
Reason: Approved

സീനിയർ സൂപ്രണ്ട്

നം.ക്യൂ.ഐ.പി(1)/24765/2021/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം.
തിരുവനന്തപുരം. തീയതി : 09 08..2021

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
എല്ലാ പ്രഥമാധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

സർ,

വിഷയം:- പൊതു വിദ്യാഭ്യാസം 2020-21 അധ്യയന വർഷം നൽകിയ വർഷാന്ത വിലയിരുത്തലിനുള്ള വർക്ക്ഷീറ്റുകളുടെ പ്രവർത്തനം പൂർത്തികരിച്ച് സ്കോർ നൽകുന്നത്- സംബന്ധിച്ച്.

സൂചന:- 18/05/2021 - ൽ ഈ കാര്യാലയത്തിൽ നിന്നും പുറത്തിറക്കിയ സർക്കുലർ നമ്പർ ക്യൂ.ഐ പി/9141/2020/ഡി.ജി.ഇ

*****

2020-21 അദ്ധ്യയന വർഷത്തെ വർഷാന്ത വിലയിരുത്തലുമായി ബന്ധപ്പെട്ട് വർക്ക്ഷീറ്റുകൾ സമഗ്രശിക്ഷാ കേരളയുടെ നേതൃത്വത്തിൽ തയ്യാറാക്കിയ കഴിഞ്ഞ മെയ് മാസം എല്ലാ സ്കൂളുകളിലും എത്തിച്ചിരുന്നു. എന്നാൽ ആ സമയം സംസ്ഥാനത്ത് ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിനാൽ വർക്ക്ഷീറ്റുകൾ സമയബന്ധിതമായി എല്ലാ കുട്ടികൾക്കും ലഭ്യമാക്കാൻ കഴിഞ്ഞിരുന്നില്ല. ലോക്ക്ഡൗൺ പിൻവലിക്കുന്ന മുറയ്ക്ക് വർക്ക്ഷീറ്റുകൾ സംബന്ധിച്ച പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതാണെന്ന് സൂചന സർക്കുലർ പ്രകാരം ഈ കാര്യാലയത്തിൽ നിന്നും നിർദ്ദേശം നൽകിയിരുന്നു.

വിവിധ സ്കോളർഷിപ്പുകൾക്ക് മാനദണ്ഡമാക്കുന്നത് വാർഷിക പരീക്ഷയിൽ ലഭിക്കുന്ന മാർക്ക് ആയതിനാൽ സ്കോർഷീറ്റ് തയ്യാറാക്കേണ്ടത് അനിവാര്യമാണ്. ആയതിനാൽ സ്കൂൾ തലത്തിൽ തന്നെ ചോദ്യങ്ങൾക്ക് അടിസ്ഥാന മാർക്ക് നിശ്ചയിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ സ്കോർ ഷീറ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്. എല്ലാ സ്കൂളുകളിലും 2021 ആഗസ്റ്റ് 13-ന് മുമ്പ് ഈ പ്രവർത്തനങ്ങൾ പൂർത്തിയാക്കി സ്കോർഷീറ്റ് തയ്യാറാക്കിയിട്ടുണ്ടെന്ന് ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർ

അപേക്ഷാ നം :

കേരള സർക്കാർ

പിന്നാക്ക വിഭാഗ വികസന വകുപ്പ്

## 2021-22 ലെ ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പിനുള്ള അപേക്ഷ

1. വിദ്യാർത്ഥിയുടെ പേര് :
2. രക്ഷിതാവിന്റെ പേര് :
3. വിദ്യാർത്ഥിയുമായുള്ള ബന്ധം :
4. മതം/ജാതി :
5. ക്ലാസ്സ്
6. അഡ്മിഷൻ നമ്പർ
7. ജനന തീയതി
8. ആൺ/പെൺ
9. രക്ഷിതാവിന്റെ വാർഷിക വരുമാനം
10. ആധാർ നമ്പർ
11.

| വിദ്യാർത്ഥിയുടെ പേരും മേൽവിലാസവും (ജില്ല, പിൻ കോഡ് എന്നിവ സഹിതം) | പഠിക്കുന്ന സ്കൂളിന്റെ പേരും മേൽവിലാസവും (ജില്ല, പിൻ കോഡ് എന്നിവ സഹിതം) |
|---|---|
| | |
| മൊബൈൽ നം : | |

12. മുൻ വർഷത്തെ മാർക്ക്/ഗ്രേഡ് (ശതമാനത്തിൽ) :
13. ഭിന്നശേഷി ഉണ്ടോ? ഉണ്ടെങ്കിൽ തരം :

## രക്ഷിതാവിന്റെ സത്യപ്രസ്താവന

........................................................... സ്കൂളിൽ ...................... ക്ലാസിൽ പഠിക്കുന്ന ........................................................................ എന്ന വിദ്യാർത്ഥി/വിദ്യാർത്ഥിനിയുടെ രക്ഷിതാവ് ആയ ........................................................ എന്ന ഞാൻ, ........................................................................ (മതം/ജാതി)എന്ന ഒ.ബി.സി സമുദായത്തിൽപ്പെട്ടയാളാണെന്നും, എന്റെ കുടുംബത്തിൽ നിന്നും 2 കുട്ടികളിൽ കൂടുതൽ പേർ പ്രീമെട്രിക് സ്കോളർഷിപ്പിന് അപേക്ഷിച്ചിട്ടില്ലായെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. ഈ അപേക്ഷയിലെ എന്തെങ്കിലും വിവരം തെറ്റാണെന്ന് തെളിയിക്കപ്പെടുന്ന പക്ഷം അപേക്ഷകന് ലഭിക്കുന്ന തുക മുഴുവനായും തിരിച്ചടയ്ക്കാമെന്നും, നിയമപരമായ മറ്റു നടപടികൾക്ക് വിധേയനായിക്കൊള്ളാമെന്നും ഇതിനാൽ സമ്മതിക്കുന്നു.

സ്ഥലം :

തീയതി : വിദ്യാർത്ഥിയുടെ പേരും ഒപ്പും രക്ഷിതാവിന്റെ പേരും ഒപ്പും

*(മറുപുറം)*

14. വിദ്യാർത്ഥിയുടെ ബാങ്ക് അക്കൌണ്ട് സംബന്ധിച്ച വിവരങ്ങൾ

(അക്കൌണ്ട് ആധാറുമായി ബന്ധിപ്പിച്ചിരിക്കണം – ബാങ്ക് പാസ് ബുക്കിന്റെ ആദ്യപേജിന്റെ പകർപ്പ് ഹാജരാക്കണം)

| | |
|---|---|
| ബാങ്കിന്റെ പേര് | |
| ബ്രാഞ്ച് | |
| അക്കൌണ്ട് ഹോൾഡറുടെ പേര് | |
| അക്കൌണ്ട് നമ്പർ | |
| IFS കോഡ് | |

## സാക്ഷ്യപത്രം

ഈ അപേക്ഷയിലെ വിദ്യാർത്ഥി/വിദ്യാർത്ഥിനി മുൻ അധ്യയന വർഷം 80% ൽ കുറയാത്ത സ്കോർ/ഗ്രേഡ് കരസ്ഥമാക്കിയിട്ടുണ്ടെന്നും, സമാനരീതിയിലുള്ള മറ്റ് സ്കോളർഷിപ്പുകളൊന്നും കൈപ്പറ്റുന്നില്ലായെന്നും, ഈ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ സ്കൂൾ രേഖകൾ പരിശോധിച്ച് ശരിയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട് എന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :

തീയതി : (ആഫീസ് മുദ്ര) സ്ഥാപന മേധാവിയുടെ പേരും ഒപ്പും

E-District പോർട്ടൽ മുഖേന ലഭ്യമായ വരുമാന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.